**ഇഹ്സാൻ**

# ഇസ്രയേലുമായി ആന്റണിയുടെ ഒളിസേവ

**ഇസ്രയേലിനു** വേണ്ടി ഇന്ത്യ അടുത്ത മാസം വിക്ഷേപിക്കാനൊരുങ്ങുന്ന രഹസ്യ ചാര ഉപഗ്രഹത്തെ കുറിച്ച വിവരങ്ങൾ നൽകുന്നതിൽനിന്ന് പ്രതിരോധ മന്ത്രാലയത്തിന്റെ വായ ആരോ മൂടിക്കെട്ടിയിരിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലത്ത് നമുക്ക് സുപരിചിതമായ ആ ശൈലിയിൽ 'ആരോടും പക്ഷഭേദമില്ലാതെയും എല്ലാ രാജ്യങ്ങളോടും തുല്യ പരിഗണന' നൽകിയുമാണ് ആന്റണിയദ്ദേഹം പുതിയ പ്രവൃത്തിയെ ന്യായീകരിച്ചിട്ടുള്ളത്. പ്രതിരോധമന്ത്രി ഇതുപോലെ എല്ലാ രാജ്യക്കാർക്കും ഒരേപന്തിയിൽ വിളമ്പാൻ തുടങ്ങിയാൽ വേറെ നിവൃത്തിയൊന്നുമില്ല. മാത്രമല്ല ബിസിനസ്സാണ് എല്ലാറ്റിലും വലുതെന്ന് ആദർശത്തിന്റെ ആൾരൂപമായ അറക്കപ്പറമ്പിൽ കുര്യൻ ആന്റണിയുടെ വായിൽനിന്നു കേൾക്കുന്നതിനേക്കാൾ സുഖം വേറെ ഒരിടത്തുനിന്നും കിട്ടാനും പോകുന്നില്ല. ടെക്സ്റ്റാർ എന്നു പേരിട്ട പുതിയ ചാര ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിക്കുന്നതിന് 15 ദശലക്ഷം ഡോളറാണ് ഇസ്രയേൽ തരുന്നതെന്നും 'പാവപ്പെട്ട ഇന്ത്യൻ ഗ്രാമീണർക്ക് ഈ പണമുപയോഗിച്ച് വിവിധ വികസന പദ്ധതികൾ നടപ്പാക്കാൻ കഴിയുമെന്നും' എല്ലാ രാഷ്ട്രീയക്കാരെയും പോലെ ആന്റണിയദ്ദേഹത്തിന് വാദിച്ചുനിൽക്കാവുന്നതേയുള്ളൂ. 15 ദശലക്ഷം ഡോളറെന്നു പറഞ്ഞാൽ എത്ര്യാ പൈശ? തെൽഅവീവിൽനിന്ന് കോടിക്കണക്കിനല്ലേ ഉറുപ്യ വരുന്നത്!

ഞെളിയാൻ വേണമെങ്കിൽ ഇനിയുമുണ്ട് ന്യായം. ടെക്സ്റ്റാറിനെ ഇസ്രയേലിൽനിന്ന് തൊടുക്കുന്നതിനേക്കാൾ ഇന്ത്യയുടെ പി.എസ്.എൽ.വി ഉപയോഗിച്ച് ശ്രീഹരിക്കോട്ടയിൽനിന്ന് വിക്ഷേപിക്കാനാണല്ലോ അവരുടെ തീരുമാനം. അമ്പട ഞാനേ! അന്നാട്ടുകാരുടെ സ്വന്തം നിർമിതിയായ ഷാവിറ്റ് റോക്കറ്റ് വേണ്ടെന്നും ഇന്ത്യൻ റോക്കറ്റിൽ അവർക്ക് പൂർണ വിശ്വാസമുണ്ടെന്നും വരുന്നത് ഘടാഘടിയന്മാരായ നമ്മുടെ ബ്രിഗേഡിയന്മാർക്ക് നെഞ്ചത്ത് പതിനഞ്ച് മെഡൽ ഒന്നിച്ച് കുത്തിക്കൊടുക്കുന്നതിന് തുല്യമല്ലേ? 2004 സെപ്റ്റംബറിൽ ഷാവിറ്റ് ഉപയോഗിച്ച് തൊടുത്ത ഓഫെഖ് 6 എന്ന ഉപഗ്രഹം കത്തിപ്പോയ വകയിൽ 100 ദശലക്ഷം ഡോളറാണ് ഇസ്രയേലിന് നഷ്ടം പറ്റിയത്. ഇസ്രയേലുകാർക്ക് ആവശ്യമെങ്കിൽ ശ്രീഹരിക്കോട്ടയിൽനിന്ന് ഷാവിറ്റ് ഉപയോഗിച്ചും ടെക്സ്റ്റാറിനെ പറഞ്ഞയച്ചുകൊടുക്കാൻ ഇന്ത്യ തയാറായിരുന്നു. ബിൽ അൽപം കൂടുമെന്നു മാത്രം. പണം ഇസ്രയേലിന് പുല്ലായിട്ടും അതുവേണ്ടെന്നാണ് അവർ സമ്മതിച്ചതെങ്കിൽ നമ്മുടെ റോക്കറ്റിന്റെ കടലുകടന്ന അന്തസ്സല്ലേ തെളിയുന്നത്? കൊടുക്ക് ആന്റണിക്ക് രണ്ട് പട്ടും വളയും. പ്രതിരോധത്തിന്റെ തലതൊട്ടപ്പന്മാരായ സയണിസ്റ്റുകളുടെ രാജ്യത്തുനിന്നാണ് ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന്റെ അന്തസ്സ് ആന്റണി അംഗീകരിച്ചു വാങ്ങുന്നത്. എന്തതിശയമേ!

പാവപ്പെട്ട അഹ്മദ് സാഹിബിന്റെ കാര്യമാണ് കഷ്ടം. ഈ ചാര ഉപഗ്രഹത്തിന്റെ പണി എന്താണെന്ന് ഏതെങ്കിലും പൊക്കണം കെട്ടവൻ വിളിച്ചുപറഞ്ഞാൽ അദ്ദേഹത്തിന് കഷ്ടകാലമാവുന്ന ലക്ഷണമുണ്ട്. ഇറാനെതിരായ അടുത്ത യുദ്ധത്തിൽ അമേരിക്കയെ സഹായിക്കാനാണ് ഇസ്രയേൽ ചാര ഉപഗ്രഹം അയക്കുന്നതെന്നാണ് ചില വെളിപ്പെടുത്തലുകളിലുള്ളത്. അഫ്ഗാനിസ്താന്റെയും ഇറാന്റെയും അതിർത്തിയോടു ചേർന്നാണ് വ്യോമാകാശത്ത് ഈ ഉപഗ്രഹത്തിന്റെ ഭ്രമണപഥം നിശ്ചയിച്ചിട്ടുള്ളത്. ഇറാനിൽ എന്തു നടക്കുന്നുവെന്ന് ഏതു കാലാവസ്ഥയിലും സൂക്ഷ്മമായി നിരീക്ഷിക്കാനും ഗുണനിലവാരമുള്ള ചിത്രങ്ങൾ എടുത്ത് 'വേണ്ടപ്പെട്ടവർക്ക്' അപ്പപ്പോൾ കൈമാറാനുമാണ് ടെക്സ്റ്റാറിനെ പറഞ്ഞയക്കുന്നത്. 'വലിയ മുതലാളിമാർ' ചപ്പിയിട്ട് വല്ലതും ബാക്കിയാവുന്നുണ്ടെങ്കിൽ പാകിസ്താനിൽ എന്തുനടക്കുന്നുവെന്ന ചിത്രങ്ങൾ ഇന്ത്യക്കും എറിഞ്ഞുതരും. ഇറാഖിൽ നേരിട്ട് മനുഷ്യന്മാരെ അയച്ച് പരിശോധിച്ചിട്ടു പോലും നുണ പറഞ്ഞ ചരിത്രമുള്ളവരാണ് അമേരിക്കക്കാർ എന്നിരിക്കെ ആകാശത്തുനിന്നും അയച്ചുകിട്ടുന്ന ചിത്രങ്ങളുടെ കാര്യത്തിൽ അവർക്ക് 'അബദ്ധം സംഭവിക്കുമെന്ന'ത് ഉപഗ്രഹം പുറപ്പെടുന്നതിനു മുമ്പേ തന്നെ തീർച്ചയാക്കാവുന്നതേയുള്ളൂ. ഒളിഞ്ഞുനോക്കി നുണ പറയുകയാണ് 'ചെറ്റത്തര'മെങ്കിൽ ആ വാക്കിന്റെ ശരിയായ അർഥത്തിലുള്ള പ്രയോഗമാണ് നടക്കുന്നത്. എല്ലാ രാജ്യങ്ങളോടും ഒരേ നിലപാടെന്ന ആന്റണിയുടെ 'ഞായം' കേൾവിക്കാരനിലുണ്ടാക്കുന്നത് ജുഗുപ്സ മാത്രമാണ്. അല്ലെങ്കിൽ അഹ്മദ് സാഹിബ് കൂടി ഇതേ ന്യായം ഒന്നു പറഞ്ഞു നടക്കട്ടെ. രണ്ടാളും ഒരേ സംസ്ഥാനത്തുനിന്നുള്ള മന്ത്രിമാരാണല്ലോ. ആന്റണി പറഞ്ഞതനുസരിച്ച് 1992 മുതൽക്കുള്ള ഇന്ത്യയുടെ നയമാണ് ഇസ്രയേലിനെ അംഗീകരിക്കുക എന്നത്. അദ്ദേഹം അത് പിന്തുടരുക മാത്രമേ ചെയ്യുന്നുള്ളൂ. പക്ഷേ ഇറാനെ അംഗീകരിച്ചത് ഏതു കാലം തൊട്ടാണെന്ന് ആന്റണിക്കറിയുമോ? കൂനംകുരിശ് പ്രഖ്യാപനം ഉണ്ടാവുന്നതിനും നൂറ്റാണ്ടുകൾ മുമ്പേ പേർഷ്യക്കാരുടെ കപ്പൽ കേരളത്തിലെത്തിയതായാണ് ചരിത്രം പറയുന്നത്.

ഇന്ത്യയുടെ അന്തസ്സിന് നിരക്കാത്ത പ്രവൃത്തിയാണ് ആന്റണിയുടെ നേതൃത്വത്തിൽ നടക്കുന്നത്. അദ്വാനിയുടെ കാലത്തായിരുന്നെങ്കിൽ ഇതിലൊന്നും ആരും കുറ്റം പറയാനേ പോവില്ലായിരുന്നു. അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കുന്നതല്ല കോൺഗ്രസ് നയിക്കുന്ന സർക്കാറിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുക. അഫ്ഗാനിസ്താനിലും ഇറാഖിലും അമേരിക്ക ഉണ്ടാക്കിയ ദുരന്തങ്ങൾ കൺമുന്നിലുണ്ടായിരിക്കെ അടുത്ത മറ്റൊരു യുദ്ധത്തിന് ഒളിസേവ കൂടേണ്ട എന്താവശ്യമാണ് ആന്റണിക്കും മൻമോഹൻ സിംഗിനുമുള്ളത്? പോയവാരം ഇന്ത്യയിലെത്തിയ ഇസ്രയേലി സംഘം പേനെടുത്തതിന് ഇന്ത്യക്ക് ഈര് കൂലി നൽകിയതായും വാർത്തകളിലുണ്ട്. ഇസ്രയേലി ഉപസൈന്യാധിപൻ മോശെ കാപ്ലിൻസ്കിയുടെ നേതൃത്വത്തിൽ പ്രതിരോധ വിദഗ്ധരുടെ ഒരു സംഘം കശ്മീർ താഴ്വരയിലെ പീർപഞ്ചാൽ മേഖല സന്ദർശിച്ച് നുഴഞ്ഞുകയറ്റം ചെറുക്കുന്നതിൽ ഇന്ത്യക്ക് ആവശ്യമായ സൈനിക സഹകരണം വാഗ്ദാനം ചെയ്തതായാണ് ഈ വാർത്ത. ഒന്നോർത്താൽ ഇതുപോലൊരു തമാശ വേറെയില്ല. നുഴഞ്ഞുകയറ്റം തടുക്കാനായി നാലാൾ പൊക്കത്തിൽ മതിലു കെട്ടുക എന്നതല്ലാത്ത വേറെന്തു വിദ്യയാണ് ഈ മോശക്ക് അറിയുന്നത്? മാന്യമായ വല്ല ഏർപ്പാടും അറിയുമായിരുന്നെങ്കിൽ ഇസ്രയേൽ എന്നേ ഇത് പ്രയോഗിക്കുമായിരുന്നു. കേന്ദ്രം ഇഛിക്കുമ്പോൾ അയക്കുകയും വേണ്ടപ്പോൾ മുറുക്കുകയും ചെയ്യുന്ന ഒരു പ്രതിഭാസം മാത്രമാണ് അതിർത്തിയിലെ നുഴഞ്ഞു കയറ്റമെന്നാണ് ഇന്നോളമുള്ള അനുഭവങ്ങൾ തെളിയിക്കുന്നത്. ഇതിനുള്ള ഏറ്റവും മികച്ച ഉദാഹരണമായിരുന്നു എൻ.ഡി.എ ഭരണകാലം. ഇപ്പുറത്ത് ഇസ്രയേലിന് ഒത്താശ ചെയ്യാൻ തീരുമാനിച്ചപ്പോൾ മാത്രമാണ് അതിർത്തിയിലെ നുഴഞ്ഞുകയറ്റം ഇന്ത്യക്ക് പരസഹായം വേണ്ട ആപത്താണെന്ന ബോധ്യമുണ്ടാവുന്നത്. ഇന്ത്യക്കറിയാത്തതൊന്നും ഇപ്പോൾ അവർക്കറിയില്ല എന്നിരിക്കെ വെറുതെയെന്തിന് 'പിശാശിനെ' വലിച്ച് സഭയിലിരുത്തണം? ■

ehsanrsn@hotmail.com